# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3629** **14.03.2017**-ൽ മറുപടിക്ക്

## ആരോഗ്യ ബജറ്റ്

**ചോദ്യം** **മറുപടി**

**ശ്രീ.ടി.എ.അഹമ്മദ് കബീർ** **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | വ്യക്തികളുടെ ശാരീരിക, ആരോഗ്യ വിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കാനും ചികിത്സകൾക്ക് പ്രയോജനപ്പെടുത്തുവാനും എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ടോ; | എ) | വ്യക്തികളുടെ ആരോഗ്യ വിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ ശേഖരിക്കുകയും പൊതുജനാരോഗ്യ കേന്ദ്രങ്ങളെ കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്യുന്ന ജീവൻ രേഖ (ഇ ഹെൽത്ത് കേരള) പദ്ധതി സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി) | പദ്ധതിയെപ്പറ്റി വിശദീകരിക്കാമോ; പദ്ധതിയുടെ ആദ്യഘട്ടം എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; | ബി) | ടാബ്ലെറ്റ് കമ്പ്യൂട്ടറുകളുമായി ആരോഗ്യ പ്രവർത്തകർ ഭവന സന്ദർശനം നടത്തി പൊതുജനങ്ങളുടെ ആരോഗ്യ സംബന്ധിയായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു അടിസ്ഥാന ആരോഗ്യ രേഖ തയ്യാറാക്കുന്നു. ശേഖരിക്കുന്ന പ്രസക്ത വിവരങ്ങൾ അപ്പപ്പോൾ തന്നെ കേന്ദ്രീകൃത സർവറിലേക്ക് അപ് ലോഡ് ചെയ്യുന്നു. ഇതോടൊപ്പം ആരോഗ്യ ചികിത്സാ കേന്ദ്രങ്ങളിലെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുകയും കേന്ദ്രീകൃത സർവറുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു. വ്യക്തികൾ ചികിത്സക്കായി ആശുപത്രിയിൽ എത്തുമ്പോൾ പ്രസ്തുത ചികിത്സാ വിവരങ്ങൾ കൂടി ആ രോഗിയുടെ ആരോഗ്യ രേഖയിൽ കൂട്ടി ചേർക്കപ്പെടും. ഫീൽഡ് സർവെ വഴി ലഭിച്ച ആരോഗ്യ വിവരങ്ങളും ചികിത്സാ കേന്ദ്രത്തിലെ ചികിത്സാ വിവരങ്ങളും ഒരു വ്യതിരിക്ത നമ്പർ മുഖേന ഡിജിറ്റൽ രീതിയിൽ ബന്ധിപ്പിച്ച് ആരോഗ്യ സംബന്ധിയായ വിവരങ്ങളുടെ പൂർണ്ണത ഉറപ്പാക്കുകയും തുടർ ചികിത്സയ്ക്ക് പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.<br><br>ആദ്യഘട്ടത്തിൽ തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, എറണാകുളം, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുക. എന്നാൽ പൊതുജനാരോഗ്യ വിവര ശേഖരണം എല്ലാ ജില്ലകളിലും സംയുക്തമായി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| സി) | ആരോഗ്യബജറ്റ് തയ്യാറാക്കുന്നതിനും മരുന്ന് നിർമ്മാണത്തിനും മറ്റും പദ്ധതി പ്രയോജനപ്പെടുത്തുവാൻ സാധിക്കുമോ; | സി) | സാംക്രമിക രോഗങ്ങളുടെ സാധ്യത മുൻകൂട്ടി കണ്ടെത്താനും രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്താനും ആവശ്യമായ വിവരങ്ങൾ പദ്ധതി വഴി കാലെകൂട്ടി ലഭിക്കുന്നു. ആരോഗ്യബജറ്റ് തയ്യാറാക്കുന്നതിന് ഈ വിവരങ്ങൾ പ്രയോജനകരമാണ്. |

| | | | |
|---|---|---|---|
| | | | ആശുപത്രികളിലെ മരുന്നുകളുടെ സ്റ്റോക്ക് ഈ പദ്ധതി വഴി തത്സമയം തന്നെ അറിയാവുന്നതിനാൽ അവ തീരുന്ന മുറയ്ക്ക് ലഭിക്കുന്ന മുന്നറിയിപ്പുകളിലൂടെ ആവശ്യമായ ക്രമീകരണവും സംഭരണവും നടത്തുന്നതിന് പദ്ധതി സഹായകരമാണ്. മരുന്ന് നിർമ്മാണവുമായി ഈ പദ്ധതി ബന്ധപ്പെടുത്തിയിട്ടില്ല. |
| ഡി) | ഇന്ത്യയിൽ മറ്റ് സംസ്ഥാനങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കിയതിന്റെ പഠനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ? | ഡി) | ആരോഗ്യ രംഗത്തെ സമഗ്രവും സമ്പൂർണ്ണവുമായ ഇ ഹെൽത്ത് കേരള പദ്ധതി ഇന്ത്യയിൽ ആദ്യത്തെ സംരംഭമാണ് |

സെക്ഷൻ ഓഫീസർ